# അമ്പംകുന്ന് ബീരാനുപ്പാപ്പ ജാറം

**അമീർ ഒതുക്കുങ്ങൽ**

“ദിക്റിലുമുണ്ട് പ്രത്യേകതകൾ. ഉപ്പാപ്പയാണ് ദിക്ർ ചൊല്ലിക്കൊടുക്കുക. അത് മിക്കവാറും സാധാരണ ദിക്റുകളായിരിക്കുകയില്ല. ഉദാഹരണം: ഉപ്പാപ്പ ആദ്യം നീട്ടിച്ചൊല്ലുന്നു. ‘ലാ കണ്ണ ഇല്ലല്ലാഹ്’ ഇത് കേൾക്കേണ്ട താമസം പിള്ളേരും മുതിർന്നവരുമൊക്കെ ചങ്കുപൊട്ടുമാറ് ഉച്ചത്തിൽ ഏറ്റുചൊല്ലുന്നു. അങ്ങനെ കുറേ ചൊല്ലിക്കൊടുത്ത ശേഷം ഉപ്പാപ്പതന്റെ കൂടെയുള്ള മൊല്ലാക്കയോട് ചോദിക്കുന്നു. എത്രയായി? മൊല്ലാക്ക വായിൽതോന്നിയ ഒരെണ്ണം പറയും. ‘നൂറ്’ ഉടനെ ഉപ്പാപ്പ ദിക്ർ മറ്റൊന്നാക്കുന്നു. ‘ലാ മൂക്ക ഇല്ലല്ലാഹ്’ പിള്ളേരും മുതിർന്നവരും ഏറ്റുചൊല്ലുന്നു. കുറേ ചൊല്ലിയാൽ മൊല്ലാക്കയോട് ചോദിക്കുന്നു.
‘എത്രയായി?’
‘നൂറ്’
പിന്നെയും ദിക്ർ മാറ്റുന്നു. ‘ലാ പല്ല ഇല്ലല്ലാഹ്’
ഈ ഇനത്തിൽ ഒരുപാടുണ്ട് മൂപ്പർ ചൊല്ലുന്ന ദിക്റുകൾ. കല്ലും മുള്ളും ഇല്ലല്ലാഹ്’’ *(ബീരാൻ ഔലിയ ഉപ്പാപ്പ പേജ്. 6)*

‘സുന്നി’കളുടെ പ്രധാന ഔലിയാക്കളിൽ പെട്ട ഒരാളായ ബീരാൻ ഉപ്പാപ്പയുടെ ദിക്റുകളുടെ രീതിയാണ് മുകളിൽ വിവരിച്ചത്. കേട്ടിട്ട് ഒരു പടുഭ്രാന്തന്റെ ജൽപനങ്ങളായി തോന്നുന്നില്ലേ? സംശയിക്കേണ്ട ഔലിയ ക്വുബൂരികളുടേതാണ്. ഇസ്‌ലാമിന്റേതല്ല. അപ്പോൾ പിന്നെ അൽപ്പം ഭ്രാന്തും ഭ്രാന്തൻ ജൽപനങ്ങളും നിർബന്ധമാണല്ലോ. ഇത് മാത്രമല്ല ബീരാൻ ഉപ്പാപ്പാക്ക് കണ്ണും മൂക്കും ചെവിയും തലയും വാലും കല്ലും മുള്ളും മുരടും എല്ലാം അല്ലാഹുവാണ്. ഇതിനാണ് അദ്വൈത സിദ്ധാന്തമെന്ന് പറയുക. ആ അദ്വൈതത്തിന് അറബിക്കുപ്പായമിട്ട് ക്വുബൂരികൾ അവതരിപ്പിക്കാറുള്ളത് വഹ്ദത്തുൽ വുജൂദ് എന്ന ഓമനപ്പേരിലാണ്. വഹ്ദത്തുൽ വുജൂദ് പ്രകാരം ഈ ലോകത്ത് കാണുന്ന എല്ലാ ചണ്ടിപണ്ടാരങ്ങളിലും അല്ലാഹുവിന്റെ ഉണ്മയുണ്ട്. എന്തുകുന്തത്തിനെ ആരാധിച്ചാലും അത് അല്ലാഹുവിനെ ആരാധിക്കുന്നതുപോലെയാണ്. ആ വഹ്ദത്തുൽ വുജൂദിന്റെ ഒരു ഉൽപന്നം മാത്രമാണ് ബീരാൻ ഉപ്പാപ്പ.

കൊണ്ടോട്ടിക്കടുത്ത ചീക്കോട് ഗ്രാമത്തിലാണ് ബീരാൻ ഉപ്പാപ്പയുടെ ജന്മഗൃഹമെന്ന് ക്വുബൂരികൾ ചരിത്രപുസ്തകത്തിലൂടെ പരിചയപ്പെടുത്തുന്നു. പള്ളിദർസുകളിൽ ഓതുന്നതോടൊപ്പം വീട്ടുകാരെ കൃഷിപ്പണികളിൽ ബീരാൻ സഹായിച്ചിരുന്നത്രെ. അങ്ങനെ ഒരു മുസ്‌ലിമിന്റെ കോലത്തിൽ ജീവിക്കുന്നതിനിടയിലാണ് ബീരാനെ പിശാച് വഴിപിഴപ്പിച്ചത്. ചിലശൈഖുമാരുമായി ബന്ധപ്പെടുത്തിയാണ് പിശാച് ഇയാളെ വഴിപിഴപ്പിച്ചത്. ശൈഖുമാരുമായി ബന്ധപ്പെട്ടാൽ അല്ലാഹുവിലേക്കെത്താനുള്ള കുറുക്കുവഴികളാണ് പിന്നെ അന്വേഷിക്കുക. പ്രവാചകന്മാർ കാണിച്ചുതന്ന ‘സിറാത്തുൽ മുസ്തഖീം’ എന്ന നേരായ പാത ഇവർക്ക് പറ്റുകയില്ല. അല്ലാഹുവിലേക്കെത്താനുള്ള കുറുക്കുവഴികൾ തപ്പിനടക്കാറാണ് സമസ്തക്കാരുടെ ഔലിയാക്കൾ. ആ കുറുക്കുവഴികൾ കാണാൻ തൗഹീദിന്റെ മലകൾ തുരന്നും ബഹ്‌റുകൾ മുങ്ങിത്തപ്പിയും ഇവർ കറങ്ങിനടക്കും. അങ്ങനെ തപ്പിത്തപ്പിയാണ് വഹ്ദത്തുൽ വുജൂദിലേക്കെത്തുക. ഇസ്‌ലാം പഠിപ്പിച്ച രീതിയിൽ അല്ലാഹുവിലേക്കെത്തണമെങ്കിൽ ഇബാദത്തുകൾ ചെയ്യണം. ഫർദുകൾ അനുഷ്ഠിക്കണം. സുന്നത്തുകൾ വർദ്ധിപ്പിക്കണം. കറാഹത്തുകൾപോലും ഒഴിവാക്കണം. അതിനൊന്നും സമസ്ത

ക്കാരുടെ ഔലിയാക്കൾക്ക് നേരമില്ല. അതുകൊണ്ട് നേരെ വഹ്ദത്തുൽ വുജൂദിൽ എത്തുക യാണ് പതിവ്. അതിലെത്തിയാൽ പിന്നെ കാണുന്നതെല്ലാം അല്ലാഹുവായി മാറും. അത് ഇവർതന്നെ വിവരിക്കുന്നത് കാണുക.

''ചില റാത്തീബുകളിൽ ഇതുപോലെയുള്ള ദിക്റുകൾ കാണാം. ഉദാഹരണം: ഹാ, ഹൂ, ഹീ, ഹം അല്ലാഹ്. എന്താണിതിനർത്ഥം? അറിഞ്ഞുകൊള്ളുവിൻ അവനും അവളും അവരും ഒക്കെ അല്ലാഹുവിന്റെ ഖുദ്റത്തിന്റെ ചിഹ്നങ്ങളാണ്. അതായത് ദിവ്യചൈതന്യങ്ങളാണ് ഈ കാണുന്ന സർവ്വത്രപ്രപഞ്ചങ്ങളും. ഇതൊന്നും അല്ലാഹുവിന് അന്യമല്ല. ഇതാണ് ആ ദിക്റിന്റെ ആശയം. ലാ മൗജൂദ ഇല്ലല്ലാഹ് എന്നതിന്റെ അതേ ആശയംതന്നെ. അല്ലാഹുവല്ലാതെ പ്രപഞ്ചങ്ങളിലെങ്ങും ഒന്നുമില്ലെന്നർത്ഥം'' *(അതേ പുസ്തകം. പേജ്. 9)*

ഈ അവസ്ഥക്ക് സമസ്തക്കാർ ഇട്ട ചില ഓമനപ്പേരുകളുണ്ട്. രിയാളകൾ, മുറാഖബകൾ എന്നൊക്കെയാണ് ഇതിന് പറയുക. പക്ഷെ കോലവും ശീലവും വെച്ചുനോക്കുമ്പോൾ ഇതിന് മലയാളത്തിൽ കൊടുക്കാൻ പറ്റിയ പേര് വട്ട്, ഭ്രാന്ത്, കിറുക്ക് എന്നൊക്കെയാണ്. കാരണം, ഈ അവസ്ഥയിലെത്തിയാൽ സ്വയബുദ്ധിയുള്ള മനുഷ്യന്മാർ ചെയ്യുന്ന കാര്യങ്ങളാകില്ല ഇവർ ചെയ്യു ക. ബീരാൻ ഉപ്പാപ്പയെപറ്റി പറയുന്നത് നോക്കൂ.

''മാസങ്ങളോളം അന്നപാനീയമില്ലാതെ ധ്യാനനിരതനായി കഴിയുകയായിരുന്നു. അക്കാലത്ത് വന്യജീവികളുമായിട്ടായിരുന്നു കൂട്ട്. ചുള്ളിക്കാട് മലയിലും കുറച്ച്കാലം മുറാഖബയിൽ കഴിച്ചു കൂട്ടി'' *(പേജ്. 12)*

റസൂലും സ്വഹാബത്തും പലപ്പോഴും അന്നപാനീയമില്ലാതെ കഴിച്ചുകൂട്ടിയിട്ടുണ്ട്. അതുപക്ഷെ രിയാളയും മുറാഖബയും അനുഷ്ഠിച്ചിട്ടല്ലായിരുന്നു. തിന്നാനും കുടിക്കാനും കിട്ടാഞ്ഞിട്ടായിരു ന്നു. പക്ഷെ സമസ്തക്കാരുടെ ഔലിയാക്കൾ തിന്നാനും കുടിക്കാനും കിട്ടിയാലും അത് ചെയ്യില്ല. പകരം പട്ടിണികിടന്ന് നാടുവിടും. കുടുംബത്തെ ഉപേക്ഷിച്ച് തെണ്ടാനിറങ്ങും. ചിലപ്പോൾ ഏതെ ങ്കിലും കാട്ടിൽ ചടഞ്ഞുകൂടിയിരിക്കും. സ്വതന്ത്രമായ സ്വൈരവിഹാരത്തിന് കുടുംബം തടസ്സമാ യാൽ ഭാര്യയെ മൊഴിചൊല്ലും, മക്കളെ ഉപേക്ഷിക്കും. ഇങ്ങനെയൊക്കെയാണ് ഇവർ വിലാ യത്തും കറാമത്തും പ്രകടിപ്പിക്കാറുള്ളത്.

ഇയാളുടെ മറ്റൊരു സ്വഭാവത്തെകുറിച്ചുകൂടി പുസ്തകത്തിൽ വിവരിക്കുന്നത് കാണുക:

''ജാതിയും മതവുമൊന്നുമല്ല ഉപ്പാപ്പയുടെ നോട്ടം. എല്ലാ മതക്കാർക്കും സ്വാഗതം. പക്ഷെ മുസ്‌ലിംകൾ മുസ്‌ലിംകളായി തന്നെ ജീവിക്കണം. തെമ്മാടികളായ മുസ്‌ലിംകളെ ഉപ്പാപ്പ എറി ഞ്ഞോടിക്കും. അതേ സമയത്ത് ഇതരമതക്കാരെ സഹർഷം സ്വാഗതം ചെയ്യുന്നതുമാണ്. മുസ്‌ലിം നാമധാരികളേക്കാൾ പരിഗണന ഇതരമതസ്ഥർക്കാണവിടെ.'' *(പേജ്. 13)*

ഇയാളുടെ അടുത്ത് നാനാ മതസ്ഥരും ഒരുമിച്ച് കൂടിയില്ലെങ്കിലേ അത്ഭുതമുള്ളൂ. മതമില്ലാത്ത വനും വേണമെങ്കിൽ ഇവിടെ ദിക്റുകൾ ചൊല്ലാം. കാരണം ഇയാളുടെ ദിക്ർ ഹൽഖകളിൽ നട ക്കുന്ന ദിക്റുകൾ ഒരു മുഅ്മിൻ ചൊല്ലാൻവേണ്ടി നബി(സ്വ) പഠിപ്പിച്ച ദിക്റുകളല്ല. മുച്ചീട്ടുകളി ക്കാർക്കുവരെ പറ്റിയ ദിക്റുകൾ ഇയാളുടെ കയ്യിലുണ്ട്. 'ലാ മുച്ചീട്ട ഇല്ലല്ലാഹ്' എന്നതാണ് ആ 'മഹത്തായ' ദിക്ർ!!!

നാട്ടുകാരുടെ എല്ലാവരുടെയും ആശാകേന്ദ്രമായിരുന്നു എന്ന് പറയപ്പെട്ടിരുന്ന ബീരാൻ ഉപ്പാ പ്പാക്ക് പക്ഷെ സ്വന്തം വീട്ടുകാരെ നോക്കാനോ ശ്രദ്ധിക്കാനോ താൽപര്യമുണ്ടായിരുന്നില്ല. വീടു മായി വലിയ ബന്ധമില്ലായിരുന്നുവെന്നും ഇടക്കെപ്പോഴെങ്കിലും കയറിച്ചെന്ന് പെട്ടെന്ന് ഇറങ്ങി പ്പോരാറാണ് പതിവ് എന്നും പുസ്തകത്തിൽ പറയുന്നുണ്ട്. മുജാഹിദുകളുടെ കൂട്ടത്തിൽ ഏതെ

ങ്കിലും ഔലിയ ഉണ്ടോ എന്ന് ചില കുട്ടിമുസ്‌ലിയാക്കന്മാരും സ്റ്റേജിൽ കയറിയാൽ ബഡായി പൊട്ടിക്കുന്ന ഒരു മുൻക്വുബൂരി കേന്ദ്രമന്ത്രിയും ഇടക്കിടെ വീരവാദം മുഴക്കി ചോദിക്കാറുണ്ട്. തിരിച്ച് ചോദിക്കട്ടെ. അല്ലാഹുവും റസൂലും പറഞ്ഞതും പഠിപ്പിച്ചതുമായ രീതിയിൽ ജീവിച്ച് മരിച്ചുപോയ എത്രയെണ്ണമുണ്ട് ഇന്ന് കേരളത്തിൽ സമസ്തക്കാർ കൊണ്ടുനടക്കുന്ന 'ഔലിയാക്കളുടെ' കൂട്ടത്തിൽ?.

ഏതായാലും ഇങ്ങനെയൊക്കെ തെണ്ടിത്തിരിഞ്ഞ് വായിൽതോന്നിയത് ദിക്‌റാക്കിയും വിളിച്ചുകൂവിയും നടന്നിരുന്ന ബീരാൻ ഉപ്പാപ്പ അവസാന നാളുകൾ കഴിച്ചുകൂട്ടിയത് പാലക്കാട് ജില്ലയിലെ അമ്പൻകുന്നിലാണ്. ഏതോ ഒരു മുഹമ്മദ് മുസ്‌ലിയാരുടെ വീട്ടിലായിരുന്നു അന്ത്യനാളുകൾ. മരണപ്പെട്ടപ്പോൾ ഈ മുസ്‌ലിയാരുടെ വീട്ടിനുള്ളിൽതന്നെ മറമാടുകയും ചെയ്തു. ഇന്ന് ഈ മക്ബറ കേരളത്തിലെ ക്വുബൂരികളുടെ പ്രധാനപ്പെട്ട ഒരു ആശാകേന്ദ്രമാണ്. ഇവിടെ ആണ്ടോടാണ്ട് ഗംഭീര നേർച്ചയും മറ്റും നടക്കുന്നു. ഹൈന്ദവാചാരപ്രകാരമുള്ള ഒരു വിധം കാര്യങ്ങളൊക്കെ ഈ ദർഗ്ഗയിൽ നടമാടുന്നുണ്ട്. ഹൈന്ദവാചാരമായ മുട്ടറുക്കൽ ഇവിടുത്തെ ഒരു പ്രധാന ചടങ്ങാണ്. അതിവിടെ നിത്യകാഴ്ചകളുമാണ്. തേങ്ങക്ക് മുകളിൽ കർപ്പൂരം കത്തിച്ച് ചില പ്രത്യേക അപശബ്ദങ്ങൾ മന്ത്രങ്ങൾ എന്നപേരിൽ ചൊല്ലി പെൺകൊടിമാരെ ശരീരത്തിന് ചുറ്റും പലപ്രാവശ്യം ഉഴിഞ്ഞ് മുട്ടറുക്കുന്ന കാഴ്ച ചില കുട്ടിച്ചാത്തൻ മഠങ്ങളിൽ എന്നപോലെ അമ്പംകുന്ന് ജാറത്തിലും കാണാം.

ജാറത്തിന് അടുത്തുതന്നെ അമ്പംകുന്ന് കോയാക്ക ഫണ്ട് എന്നപേരിൽ മറ്റൊരു കേന്ദ്രംകൂടിയുണ്ട്. ഇവിടെയും ക്വുബൂരീ വിശ്വാസികൾ യഥേഷ്ടം എത്തുന്നുണ്ട്. കോഴിക്കോട് ജില്ലക്കാരനായ ഒരു കോയാക്കയാണ് ഇതിന്റെ നിർമ്മാതാവ്. തനിക്ക് ബീരാൻ ഉപ്പാപ്പയിൽനിന്നും അനുഗ്രഹം ലഭിച്ചിട്ടുണ്ടെന്നാണ് ഇയാൾ അവകാശപ്പെടുന്നത്. അതിന്റെ അടിസ്ഥാനത്തിൽ സിമന്റ്കൊണ്ട് പത്തായരൂപത്തിൽ ഒരു സാധനവും ഇവിടെ നിർമ്മിച്ചുവെച്ചിട്ടുണ്ട്. അതിലേക്ക് ജനങ്ങൾ കാശിടുകയും അതിനെ മുത്തിമണക്കുകയും ചെയ്യുന്നു. എന്നാൽ കോയാക്ക ഫണ്ടുകാർ പറയുന്നത് മുഴുവനും പച്ചക്കള്ളമാണെന്നും അവർക്ക് ബീരാൻ ഉപ്പാപ്പയുമായി ഒരു ബന്ധവുമില്ലെന്നും ദർഗയുടെ പരിപാലകർ ഞങ്ങളോട് പറഞ്ഞു. ഇവർതമ്മിലുള്ള പോരും പകയും ഇവിടെ പ്രകടമാണ്. ഇയ്യാംപാറ്റകളെപ്പോലെ ഇങ്ങോട്ടും കൂട്ടത്തോടെ ക്വുബൂരി വിശ്വാസികൾ ഓടിയെത്തുന്നു. അവരെ ചൂഷണം ചെയ്ത് പുരോഹിതന്മാർ തടിച്ചുകൊഴുക്കുന്നു. എന്നിട്ട് ''ഞാനൊന്നുമറിഞ്ഞില്ലേ...'' എന്നമട്ടിൽ ഖുറാഫീ മുസ്‌ലിയാക്കന്മാർ കൈമലർത്തുകയും ചെയ്യുന്നു. എന്തൊക്കെയായാലും ക്വുബൂരികളുടെ ഭ്രാന്തൻ ഔലിയാക്കളായ വേങ്ങര കോയപ്പാപ്പ, സി.എം. മടവൂർ, ഓച്ചിറ കുപ്പസ്വാമി തുടങ്ങിയവർപോലെ വായിൽതോന്നിയതൊക്കെ ദിക്‌റായി ചൊല്ലിയിരുന്ന ബീരാൻ ഉപ്പാപ്പാക്കും ക്വുബൂരി ഔലിയാക്കളിൽ മുന്തിയ സ്ഥാനമാണുള്ളത്. ക്വുബൂരി ഔലിയാക്കളിൽ സ്ഥാനമില്ലാത്തത് ഒരുവിധം മര്യാദക്കൊക്കെ ആരാധനാമുറകൾ നടത്തി ജീവിച്ചിരുന്നവർക്കാണ്.